**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4974** **20-03-2025 - ൽ മറുപടിയ്ക്ക്**

**ദീർഘകാല അവധിയിൽ തുടരുന്ന അധ്യാപകരുടെ അവധിക്കാല ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ദീർഘകാല അവധിയിൽ തുടരുന്ന അധ്യാപകർ വിദ്യാഭ്യാസ വർഷം അവസാനിക്കുന്നതിന് ദിവസങ്ങൾക്ക് മുമ്പ് തിരികെ ജോലിയിൽ പ്രവേശിച്ചാൽ അവർക്കു അവധിക്കാലത്തെ ശമ്പളം നൽകുന്നതിനുള്ള അനുമതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | സർക്കുലർ നം. 22194/J3/13/G.Edn, തീയതി 22.06.2013 പ്രകാരം ദീർഘകാല അവധിയിൽ തുടരുന്ന അധ്യാപകർ മാർച്ച് മാസത്തിൽ തിരികെ ജോലിയിൽ പ്രവേശിക്കുന്നത് വിലക്കിക്കൊണ്ട് നിർദേശം നൽകിയിട്ടുണ്ട്. 28.09.2020-ലെ ജെ1/289/2019/പൊ.വി.വ നമ്പർ സർക്കുലർ പ്രകാരം മേൽ വ്യവസ്ഥ കർശനമായി പാലിക്കണം എന്ന് വീണ്ടും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇതിലൂടെ ദീർഘകാല അവധി എടുത്തവർ മാർച്ച് മാസം വന്നു തിരികെ ജോലിയിൽ പ്രവേശിച്ച് വെക്കേഷൻ കാലയളവിൽ ശമ്പളം കൈപ്പറ്റുന്ന നടപടി തടഞ്ഞിട്ടുണ്ട്. |
| (ബി) | 31-05-2025 ന് സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർ അർഹതപ്പെട്ട അവധിയിൽ തുടരുകയും അക്കാദമിക് വർഷം അവസാനിക്കുന്നതിന് തൊട്ടുമുമ്പ് ജോലിയിൽ തിരികെ പ്രവേശിക്കുകയും ചെയ്താൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 28-09-2020-ലെ ജെ.1-289/2019 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾ ബാധകമാകുമോ; വിരമിക്കുന്നവർക്കായി പ്രത്യേക ഇളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്ക് ഈ ഉത്തരവ് ബാധകമല്ല. |

സെക്ഷൻ ഓഫീസർ